# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 6

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

ഫെബ്രുവരി 27, മാർച്ച് രണ്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ ബി.എസ്‌സി. നഴ്‌സിംഗ് (പുതിയ സ്‌കീം - 2016 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം മാർച്ച് 11, 13 തീയതികളിൽ നടക്കും.

ഫെബ്രുവരി 27, 28, മാർച്ച് രണ്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നും മൂന്നും സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ മുതൽ - ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി - സീപാസ്) പരീക്ഷകൾ യഥാക്രമം മാർച്ച് ഒൻപത്, 11, 13 തീയതികളിൽ നടക്കും.

ഫെബ്രുവരി 28, മാർച്ച് രണ്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ മുതൽ, 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം മാർച്ച് ഒൻപത്, 11 തീയതികളിൽ നടക്കും.

ഫെബ്രുവരി 28, മാർച്ച് രണ്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ ബി.എസ് സി. എം.എൽ.ടി. സപ്ലിമെന്ററി (2008 അഡ്മിഷൻ മുതൽ) പരീക്ഷകൾ യഥാക്രമം മാർച്ച് ഒൻപത്, 11 തീയതികളിൽ നടക്കും.

ഫെബ്രുവരി 28, മാർച്ച് രണ്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ ബി.ഫാം (2016 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി/സ്‌പെഷൽ മേഴ്‌സി ചാൻസ്) പരീക്ഷകൾ യഥാക്രമം മാർച്ച് 13, 16 തീയതികളിൽ നടക്കും. പരീക്ഷ സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/335/2020)

## ബി.കോം ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. (2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ തിരിച്ചറിയൽ കാർഡ്, ഹാൾടിക്കറ്റ് എന്നിവ സഹിതം മാർച്ച് 10, 11, 12 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 225-ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ/39/336/2020)

## എം.ജി.യിൽ വനിത ദിനാഘോഷം ഒൻപതിന്;
## നളിനി ജമീലയും അർച്ചന പത്മിനിയും കാമ്പസിൽ

രാജ്യാന്തര വനിത ദിനാഘോഷത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സും ഹ്യൂമൻ റൈറ്റ്‌സ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന അനുഭവ പരിചയ സംവാദം മാർച്ച് ഒൻപതിന് നടക്കും. സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സ് സെമിനാർ ഹാളിൽ രാവിലെ 10.30ന് നടക്കുന്ന പരിപാടിയിൽ എഴുത്തുകാരിയും ലൈംഗിക തൊഴിലാളി ആക്ടിവിസ്റ്റുമായ നളിനി ജമീലയും ചലച്ചിത്ര നടിയും വുമൺസ് കളക്ടീവ് ഇൻ സിനിമ പ്രവർത്തകയുമായ അർച്ചന പത്മിനിയും പങ്കെടുക്കും. ഇതോടനുബന്ധിച്ച് പാനൽ ചർച്ചയും നടക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് വനിത ശാക്തീകരണത്തെക്കുറിച്ച് ക്വിസ് പരിപാടി നടക്കും.

(പി.ആർ.ഒ/39/337/2020)

**എ. അരുൺ കുമാർ**